**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 82** **27-06-2022 - ൽ മറുപടിയ്ക്ക്**

**മതസൗഹാർദ്ദം തകർക്കുന്ന പ്രസ്താവനകൾ നടത്തുന്നവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മതസൗഹാർദ്ദം തകർക്കുന്ന പ്രസ്താവനകൾ നടത്തുന്നവർക്കെതിരെ കേരള സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (എ) | മതസൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രചരണങ്ങളെ തുടക്കത്തിൽ തന്നെ പ്രതിരോധിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് വിവിധ മതങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ പോലീസ് സ്റ്റേഷൻ, സബ് ഡിവിഷൻ ജില്ല എന്നീ തലങ്ങളിൽ സാമുദായിക സൗഹൃദ മീറ്റിങ്ങുകൾ നടത്തി വരുന്നുണ്ട്. കൂടാതെ ലോക്കൽ പോലീസിന്റെയും, സ്റ്റേറ്റ്/ജില്ല സ്പെഷ്യൽ ബ്രാഞ്ചുകളുടെയും സഹായത്തോടെ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും മുൻകൂറായി വിവരശേഖരണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച് വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിൽ പ്രതികരണമോ പ്രവർത്തനങ്ങളോ നടത്തുന്നവർക്കെതിരെ എത്ര കേസുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | മതസ്പർദ്ധ വളർത്തുന്ന പ്രസ്താവനകൾ കേരള സമൂഹത്തിൽ സൃഷ്ടിക്കുന്ന വലിയ അസ്വസ്ഥതകൾ ഇല്ലാതാക്കുന്നതിനായി കാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ? | (സി) | മതസൗഹാർദ്ദം നിലനിർത്തുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ നിലവിൽ നടത്തി വരുന്ന യോഗങ്ങൾ ഇക്കാര്യങ്ങൾ തടയുന്നതിന് പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ